നം.കെ.എസ്.എ.പി.റ്റി.എ.പി10/984/2017 തീയതി: 14.09.2017

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.1.2017 മുതൽ 30.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 19.07.2017 മുതൽ 27.07.2017 വരെ | ശ്രീ. സി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ. ഗ്രേ.) |
| | ശ്രീമതി വീണ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജ്യോതിലക്ഷ്മി ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി കുഞ്ഞന്നാമ്മ കുഞ്ഞ് | 1.4.2016മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.പി.വൽസലകമാരി അമ്മ<br>ശ്രീ.ജോഷ്വാ ജേക്കബ് | 01.04.2016മുതൽ 10.08.2016 വരെ<br>11.08.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016 -17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകന വിവരങ്ങൾ | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-1 |
| 13 | തൊഴിൽ നികുതി- അപാകതകൾ | 2-2 |

| | | |
|---|---|---|
| 14 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-3 |
| 15 | വാടക കുടിശ്ശിക ഈടാക്കുന്നില്ല | 2-4 |
| 16 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പൂർണ്ണമല്ല | 2-5 |
| 17 | പരസ്യ നികുതി പിരിക്കുന്നില്ല. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല | 2-6 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-7 |
| | ഭാഗം-3 | |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം | 3-1 |
| 20 | ആയുർവേദാശുപത്രിക്കായി നടപ്പിലാക്കിയ പദ്ധതികൾ - സമയബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല | 3-2 |
| 21 | അംഗനവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകത | 3-3 |
| 22 | മെഡിക്കൽ ഓഫീസർ,പി.എച്ച്,സി നിർവഹണം നടത്തിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമാക്കിയില്ല | 3-4 |
| 23 | ഫർണ്ണീച്ചർ വാങ്ങൽ-അപാകതകൾ | 3-5 |
| 24 | സർക്കാർ സ്കൂളുകൾക്ക് എൽ സി ഡി പ്രൊജക്ടറുകൾ- അപാകതകൾ | 3-6 |
| 25 | പോട്ട്ഹോൾ ഫില്ലിംഗിന് ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത | 3-7 |
| 26 | കമ്മ്യൂണിറ്റി ഹാൾ യാഥാർത്ഥ്യമായില്ല | 3-8 |
| 27 | ഫണ്ട് ലഭിച്ചിട്ടും കുടിവെള്ള പദ്ധതി നടപ്പാക്കിയില്ല | 3-9 |
| 28 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി നടത്തിപ്പിൽ സുതാര്യതയില്ല | 3-10 |
| 29 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-11 |
| 30 | അമ്പത്തിനാല് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 3-12 |
| 31 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-13 |
| 32 | ആസ്തി സംരക്ഷണം- അപാകത | 3-14 |
| 33 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 3-15 |
| 34 | പി എം എ വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-16 |
| 35 | പഞ്ചായത്ത് പ്രദേശത്തെ ലൈബ്രറികൾക്ക് പത്ര വരി സംഖ്യ നൽകി | 3-17 |
| 36 | പൊതുശ്മശാനം-നാളിതുവരെ യാഥാർത്ഥ്യമായില്ല | 3-18 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-19 |
| | ഭാഗം-4 | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |

| | | |
|---|---|---|
| 39 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 03.03.2016-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 04.03.2016 -ലെ I - ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | *ശതമാനം* |
|---|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* | *(+) / (-)* |
| മുന്നിരിപ്പ് | 19196279 | 17072345 | | 2123934 | (-)11 |
| വരവ് | 98347633 | 66478236 | | 31869397 | (-)32 |
| ആകെ | 117543912 | 83550581 | | 33993331 | (-)29 |
| ചെലവ് | 112666450 | 59876479 | | 52789971 | (-)46.85 |
| നീക്കിയിരിപ്പ് | 4877462 | 23674102 | | 18796640 | (+)38.37 |

ബഡ്ജറ്റ് പ്രകാരമുള്ള വരവ്, ചെലവ് കണക്കുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2016-17 | 31.07.2017 | 25.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-17 പ്രകാരം "ട്രഷറി സ്പെഷ്യൽ ടി എസ് ബി -ജോയിന്റ് വെഞ്ചർ-450650109" എന്ന ശീർഷകത്തിൽ ബാലൻസ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 2348500/- രൂപയാണ്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾ പരിശോധിച്ചതിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗിച്ചതിൽ അവശേഷിക്കുന്ന തുക 2948500/- രൂപയാണ്. 600000/-രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 17072345 |
| വരവ് | 66478236 |
| ആകെ | 83550581 |
| ചെലവ് | 59876479 |
| നീക്കിയിരിപ്പ് | 23674102 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13015554 | 13015554 | 12264721 | 750833 | 94.23 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13166808 | 13166808 | 10991459 | 2175349 | 83.48 |
| വികസന ഫണ്ട് (ടി. എസ്.പി) | 0 | 191616 | 191616 | 191616 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4778049 | 4778049 | 4435412 | 342637 | 92.83 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3638322 | 3638322 | 3625065 | 13257 | 99.64 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7299183 | 7299183 | 5043759 | 2255424 | 69.1 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 6996663 | 6996663 | 2193421 | 4803242 | 31.35 |
| എൻ ആർ ഇ ജി എസ് | 14005 | 1138699 | 1152704 | 1152327 | 377 | 99.97 |

## 1-6 പദ്ധതി അവലോകന വിവരങ്ങൾ

(എ) പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 190 | 75643525 | 141 | 42662109 | - | - | 74.21 |

(ബി) പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
2. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല.സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി

പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

3. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
4. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 19 | 10669053 | 19 | 2751997 | 25.79 |
| സേവനം | 82 | 36167418 | 71 | 22932606 | 63.41 |
| പശ്ചാത്തലം | 89 | 28807054 | 51 | 16977506 | 58.94 |
| ആകെ | 190 | 75643525 | 141 | 42662109 | 56.4 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 30 | 7687417 | 6517641 | 84.78 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 3823616 | 2883616 | 75.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 63 | 39726045 | 16222743 | 40.84 |
| വി.ഇ.ഒ | 9 | 9 | 6540800 | 5634600 | 86.15 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1906000 | 1832303 | 96 |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 4 | 4 | 717300 | 717300 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 450000 | 450000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3913494 | 3622491 | 93 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 3018950 | 1634512 | 54 |
| വെറ്ററിനറി സർജൻ | 6 | 6 | 5380103 | 682603 | 13 |
| എച്ച്.എം, ഗവ. എൽപിഎസ് | 3 | 2 | 2479800 | 2464300 | 99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 270000 | 270000 | 100 |
| ആകെ | 190 | 141 | 75913525 | 42932109 | 56 |

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 9 പ്രോജക്ടുകളിൽ 8 എണ്ണം നടപ്പാക്കിയെങ്കിലും ചെലവ് 54 ശതമാനം മാത്രമാണ്. വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 6 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും ചെലവ് 13 ശതമാനം മാത്രമാണ്.

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 3119491 | 4437825 | 1318334 | 42.26 |
| നികുതിയേതര വരവുകൾ | 1115978 | 1125848 | 9870 | 0.88 |
| മറ്റ് വരവുകൾ | 62151 | 74117 | 11966 | 19.25 |
| ആകെ | 4297620 | 5637790 | 1340170 | 31.18 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്രമ നം.* | *പെൻഷൻ ഇനം* | *2016-17ൽ ലഭിച്ച അപേക്ഷകൾ* | *പെൻഷൻ അനുവദിച്ചത്* | *45 ദിവസത്തിനകം തീരുമാനമെടുത്തവ* | *45 ദിവസം മുതൽ 1 വർഷം വരെ വൈകിയവ* |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 50 | 50 | 0 | 50 |
| 2 | വിധവാ പെൻഷൻ | 130 | 130 | 0 | 130 |
| 3 | വികലാംഗ പെൻഷൻ | 43 | 43 | 0 | 43 |
| 4 | വാർദ്ധക്യകാല പെൻഷൻ | 1294 | 1294 | 0 | 1294 |
| 5 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 10 | 0 | 10 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 1287/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2017-14.06.2017 | 02/17 മുതൽ 03/17 വരെ | റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2011 | 2008-2011 | 16.01.2012 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല.വസ്തുനികുതി യഥാസമയം പിരിച്ചെടുക്കാത്തത് നികുതി കാലഹരണപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ടവറിന്റെ വിവരം | വാർഡ്/ നമ്പർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക കാലയളവിലെ ആകെ തുക | പലിശ |
|---|---|---|---|---|
| ഭാരതി എയർടെൽ ലിമിറ്റഡ്,എൻ എച്ച് ബൈപാസ്<br>കുണ്ടന്നൂർ ജംഗ്ഷൻ<br>മരട് പി. ഒ.<br>കൊച്ചി | 13/926 | 2013-14 to 2016-17 | 39018 | 9260 |
| മാനേജർ,<br>റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്,<br>381628,<br>ആർക്കേഡ് എസ് എ റോഡ്,കൊച്ചി | 3/557 | 2013-14 to 2016-17 | 56209 | 14114 |
| ഇന്ത്യ ടെലകോം ലിമിറ്റഡ്,<br>രണ്ടാമത്തെനില<br>ചാക്കച്ചേരിൽ<br>ടവേഴ്സ്,<br>സീപോർട്ട് എയർപോർട്ട് റോഡ്,<br>കാക്കനാട്,കൊച്ചി | 5/553 | 2013-14 to 2016-17 | 59748 | 14225 |

| | | | | |
|---|---|---|---|---|
| ഭാരതി ഇൻഫ്രാടെൽ<br>എൽ റ്റിഡി എൻ എച്ച് ബൈപാസ്<br>കുണ്ടന്നൂർ | 11/456 | 2013-14 to 2016-17 | 70284 | 16734 |
| ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്,എൻ എച്ച് ബൈപാസ്<br>റോഡ്<br>മരട് പി ഒ<br>കൊച്ചി | 15/548 | 2013-14 to 2016-17 | 38979 | 9243 |
| എയർടെൽ ഭാരതി എയർടെൽ<br>ലിമിറ്റഡ്<br>കുണ്ടന്നൂർ<br>എറണാകുളം | 13/1034 | 2013-14 to 2016-17 | 39164 | 9324 |
| ആകെ | | | 303402 | 72900 |

മൊബൈൽ ടവറുകളുടെ കുടിശ്ശിക നികുതി 2016-17വരെ 303402/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ആയത് പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി- അപാകതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടക്കേണ്ട അർദ്ധവർഷങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | വിമലമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടുണ്ട് |
| 2 | സിയോൺ ഇന്റർനാഷണൽ സ്കൂൾ, കൊട്ടുമൺ | I & II | രണ്ടർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം, നെട്ടുമൺകാവ്. | II | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടുണ്ട് |
| 4 | ആൻസ് ബാങ്കേഴ്സ് | I & II | രണ്ടർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല |
| 5 | താഴെയിൽ നിധി ലിമിറ്റഡ് | I & II | രണ്ടർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടക്കേണ്ട അർദ്ധവർഷങ്ങൾ |
|---|---|---|

| | | |
|---|---|---|
| 1 | ആൻസ് ബാങ്കേഴ്സ് | I & II |
| 2 | താഴെയിൽ നിധി ലിമിറ്റഡ് | I & II |
| 3 | ART ലീസിംഗ് ലിമിറ്റഡ് | I & II |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, നെടുമൺകാവ്. | I & II |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം,<br>അങ്ങാടിക്കൽ സൗത്ത് | I & II |

3. ഡി & ഒ ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിലുടമകൾ തൊഴിൽനികുതി ഈടാക്കി പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും മേൽവിലാസവും | രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജെംസ് ബ്ലോക്ക്,<br>ഹോളോബ്രിക്സ് നിർമ്മാണം | ജോൺ ജോർജ്ജ്<br>ജ്യോതി ഭവൻ<br>ചന്ദനപ്പള്ളി | 5 |
| 2 | പുതുശ്ശേരിൽ ഇൻഡസ്ട്രീസ് | പി.കെ.ഉദയഭാനു,<br>പുതുശ്ശേരിൽ വീട്<br>അങ്ങാടിക്കൽ വടക്ക് | 3 |
| 3 | വീണ ഹോളോബ്രിക്സ് | വിജയൻ.ആർ<br>വിദ്യാ ഭവനം<br>കൊടുമൺ | 5 |
| 4 | എസ്.എസ്.എൻജിനീയറിംഗ് | ലതിക സുകുമാരൻ<br>സാലുഭവൻ<br>പത്തനംതിട്ട | 5 |
| 5 | അമ്പാടി സിൽക്സ് | അനുരാജ് അജികുമാർ<br>അമ്പാടിയിൽ<br>അങ്ങാടിക്കൽ തെക്ക് | 5 |
| 6 | അനിഴം കൺസ്ട്രക്ഷൻസ് | വി.വൈ. രാജൻ<br>മാവേലിൽ വീട്<br>ചന്ദനപ്പള്ളി | 5 |

തൊഴിലുടമകൾ സമർപ്പിക്കുന്ന നികുതി റിട്ടേണുകൾ ആ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിയവയാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. തൊഴിൽനികുതി ഈടാക്കത്തക്കവിധം വരുമാനമുള്ളവരാണെങ്കിൽ റിട്ടേണുകൾ സ്വീകരിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

2016-17 സാമ്പത്തികവർഷത്തിൽ ലഭ്യമായ അപേക്ഷകൾ മിക്കതും അപൂർണ്ണമാണ് . ലൈസൻസ് ആവശ്യമായ വ്യാപാര സ്ഥാപനത്തിന്റെ പേര്, ദിവസ വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, അന്വേഷണറിപ്പോർട്ട് എന്നിവ മിക്ക അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. 30 മൈക്രോണിൽ താഴെയുള്ള ക്യാരി ബാഗുകൾ നിരോധിച്ചു കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും മേൽവിലാസവും | റിമാർക്സ് |
|---|---|---|---|
| 1 | അനിഴം കൺസ്ട്രക്ഷൻ | വി.വൈ.രാജൻ<br>മാവേലിൽ വീട്<br>ചന്ദനപ്പള്ളി | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല, അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല |
| 2 | വിളയിൽ റബ്ബർ സ്റ്റോഴ്സ് | കെ.എ. അമ്മിണിക്കുട്ടി<br>വിളയിൽ വീട്<br>അങ്ങാടിക്കൽ തെക്ക് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 3 | പാല നിൽക്കുന്നതിൽ<br>സിമന്റ് കട്ട നിർമ്മാണം | മോഹൻകുമാർ<br>പാലനിൽക്കുന്നതിൽ,<br>അങ്ങാടിക്കൽ,<br>കൊടുമൺ | ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| 4 | ഹാർഡ്‌വെയർ വ്യാപാരം | അനിൽ ബാബു<br>അനിൽ വിലാസ്<br>അങ്ങാടിക്കൽ വടക്ക് | സ്ഥാപനത്തിന്റെപേര്, അന്വേഷണറിപ്പോർട്ട്, വിറ്റുവരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |

ലൈസൻസ് എടുത്തിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായതും ലൈസൻസിൽ ഉൾപ്പെടാത്തതുമായ വസ്തുക്കളുടെ വില്പന നിരീക്ഷിക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന നഷ്ടം കണ്ടെത്തി ഒഴിവാക്കുന്നതിനും പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനുമായി പൂർണ്ണമായ ലൈസൻസ് അപേക്ഷകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കുന്നില്ല

കൊടുമൺ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് എടുത്തവർ കൃത്യമായി വാടക ഒടുക്കുന്നില്ല. 2015-16 സാമ്പത്തികവർഷം മുതൽക്കുള്ള വാടക കുടിശ്ശിക തുക ഈടാക്കാതെ തന്നെ അതേ വാടകക്കാർക്ക് 2016-17 വർഷത്തേയ്ക്കുള്ള വാടകക്കരാർ പുതുക്കി നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാർ വെച്ച ആളിന്റെ പേരും വിലാസവും | കടമുറിയുടെ വിശദാംശങ്ങൾ | വർഷം | തുക |
|---|---|---|---|---|
| 1 | ശ്രീമതി.ഷേബ ജയിംസ്<br>മെത്തംകുളത്ത്<br>അങ്ങാടിക്കൽ തെക്ക് പി.ഒ<br>(ഒക്ടോബർ 2015 മുതൽ) | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം: XI (പുതിയത്) | 2015-16 | 368*6=2208 |
| | | | 2016-17 | 386*12=4632 |

| | | | | |
|---|---|---|---|---|
| 2 | ശ്രീ.രാജേഷ് പുളിക്കലേത്ത് അങ്ങാടിക്കൽ വടക്ക് (ഒക്ടോബർ 2015 മുതൽ) | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ് , റൂം നം: XII (പുതിയത്) | 2015-16 | 525*6= 3150 |
| | | | 2016-17 | 551*12=6612 |
| 3 | ശ്രീ.ബേബിക്കുട്ടി കാവിള കിഴക്കേതിൽ അങ്ങാടിക്കൽ തെക്ക് പി.ഒ | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം: X (പുതിയത്) | 2016-17 | 295*3=885 |
| 4 | ശ്രീ.രാജേഷ് പുളിക്കലേത്ത് അങ്ങാടിക്കൽ വടക്ക് (ഒക്ടോബർ 2015 മുതൽ) | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം: IV (പുതിയത്) | 2015-16 | 2000*6= 12000 |
| | | | 2016-17 | 2100*12=25200 |
| 5 | ശ്രീ.ബേബിക്കുട്ടി കാവിള കിഴക്കേതിൽ അങ്ങാടിക്കൽ തെക്ക് പി.ഒ | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം: II (പഴയത്) | 2016-17 | 1279*3 = 3837 |
| ആകെ | | | | 58524 |

വാടക കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന (നം-22/27.07.2017) സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കച്ചവടത്തിൽ നിന്നുള്ള വരുമാനം കുറവായതിനാലും സാമ്പത്തിക സ്ഥിതി മോശമായതിനാലുമാണ് കുടിശ്ശിക ഒടുക്കാതിരുന്നതെന്ന് സെക്രട്ടറി അറിയിച്ചു. മറ്റാരും ലേലമേൽക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് ടിയാളുകൾക്ക് തന്നെ കരാർ പുതുക്കി നൽകിയിരുന്നതെന്നും സെക്രട്ടറി വ്യക്തമാക്കി.

അതത് സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെയുള്ള കുടിശ്ശിക തുക 58524 രൂപ വരവ് നഷ്ടമായി കണക്കാക്കി പ്രസ്തുത തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്വകാര്യ ഹോസ്പിറ്റൽ & പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും രജിസ്ട്രേഷൻ സമയബന്ധിതമായി പുതുക്കുന്നില്ല. കേരള പഞ്ചായത്ത്'രാജ് ചട്ടങ്ങൾ, ചട്ടം 270 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികളും രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

2016-17 സാമ്പത്തികവർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | ഉടമയുടെ പേരും മേൽവിലാസവും |
|---|---|---|
| 1 | ശാന്തി ഹോമിയോ ക്ലിനിക്ക്, കൊടുമൺ | ഡോ. കെ.ഹരിഹരൻ, ശാന്തിഭവൻ |
| 2 | മൗണ്ട് സിയോൺ റൂറൽ സെന്റർ, ഇടത്തിട്ട | ഡോ.കെ.ജെ.എബ്രഹാം, മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് |
| 3 | സെന്റ്മേരീസ് ഹോസ്പിറ്റൽ & മോർച്ചറി, ഇടത്തിട്ട | തോമസ് ശമുവേൽ, വെളിയത്ത് ശാരോൺ നിലയം, കൊടുമൺ |

(2) ചില സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണെങ്കിലും മരുന്നുവിപണനത്തിനായുള്ള ഡി & ഒ ലൈസൻസ് മാത്രമാണ് എടുക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് |
|---|---|
| 1 | നാഗാർജ്ജുന, കൊടുമൺ |
| 2 | കോട്ടയ്ക്കൽ ആര്യവൈദ്യശാല, കൊടുമൺ |
| 3 | ഔഷധി, കൊടുമൺ |

3. ഡോ.ബാഷ, ഐക്കാട് എന്ന വ്യക്തി രജിസ്ട്രേഷൻ ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് നടത്തുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-6 പരസ്യ നികുതി പിരിക്കുന്നില്ല. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടിയും സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ , റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## 2-7 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 36 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങാനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 450000 രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി (പ്രോ.നം. 10/17) ആവിഷ്കരിച്ചിരുന്നു. അനുവദിച്ച തുക ഹോംകോയ്ക്ക് ഡി.ഡി നമ്പർ 128696/23.12.2016 പ്രകാരം (ബിൽ നം.1/2016-17, 19.12.2016) നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മരുന്നു വാങ്ങൽ പദ്ധതിയുടെ(നം.S010/2016) മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയത് 29.12.2016ലാണ്. സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ആയുർവേദാശുപത്രിക്കായി നടപ്പിലാക്കിയ പദ്ധതികൾ - സമയബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല.

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 4 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഓരോ പദ്ധതിക്കും അനുവദിച്ച തുക ഔഷധിയ്ക്ക് 21.01.2017ന് ഓൺലൈൻ ട്രാൻസാക്ഷൻ പ്രകാരം നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പരും പേരും | വകയിരുത്തിയ തുക | ലഭ്യമാക്കിയ മരുന്ന് (രൂപ) | ലഭ്യമാക്കാനുള്ള മരുന്ന്(രൂപ) |
|---|---|---|---|---|
| 1 | S0133/17 പകർച്ചപ്പനി പ്രതിരോധ ചികിത്സയ്ക്ക് മരുന്ന് വാങ്ങൽ- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 100000 | 76786 (25.07.17 വരെ) | 23214 |
| 2 | S0098/17 ആയുർവേദ ആശുപത്രിയ്ക്ക് ഔഷധം വാങ്ങൽ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 400000 | 372780 (25.07.17 വരെ) | 27220 |
| 3 | S0132/17 മദ്ധ്യവയസ്കരിലും വൃദ്ധജനങ്ങളിലുമുള്ള നടുവേദന (കടിഗ്രഹം) കഴുത്തുവേദന (ഗ്രീവാഗ്രഹം) | 117300 | 27838 | 89462 |

| | | | | |
|---|---|---|---|---|
| | ഇവയ്ക്കുള്ള ചികിത്സയ്ക്ക് മരുന്ന് വാങ്ങൽ ( എസ് സ്. പി. വികസനഫണ്ട് ) | | | |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് കഴിയാതെ വരുന്നു. ആയതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 അംഗനവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0196/17 |
| പ്രോജക്ടിന്റെ പേര് | കൊടുമൺ ഗ്രാമ പഞ്ചായത്തിന്റെ അംഗനവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 155094 |
| ബിൽ നം. | 12/2016-17 തീയതി 31.03.17 |
| ബിൽ തുക | 155094 |

2016-17 സാമ്പത്തിക വർഷത്തിൽ കൊടുമൺ ഗ്രാമ പഞ്ചായത്തിന്റെ അംഗനവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 155094 രൂപ വകയിരുത്തി ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ കൂടാതെ ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. 13/12/2016-ലെ ജി ഒ (ആർ.ടി) 62/2016 പ്രകാരം കാഡ്കോ യിൽ നിന്നും ടെണ്ടർകൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകളുടെ നിരക്ക് ഗവൺമെന്റ് അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ വാങ്ങിയ ഫർണ്ണീച്ചറുകൾ ടി ഉത്തരവിലെ നിരക്കുമായോ സ്പെസിഫിക്കേഷനുമായോ പൊരുത്തപ്പെടുന്നില്ല.

ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ | ഒരു യൂണിറ്റിന്റെ വില | എണ്ണം | ആകെ ( 14.50%നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | Steel Table-36x24x30 (20 G)Novapan top one drawer & cupboard | 4958 | 10 | 56769 |
| 2 | Steel Almarah 66x34x18- (20G) | 8391 | 2 | 19217 |
| 3 | Study Table with Cushion Chair | 2303 | 30 | 79108 |
| ആകെ | | | | 155094 |

സർക്കാർ അംഗീകരിച്ച് നല്കിയ നിരക്കുകളിലും സ്പെസിഫിക്കേഷനുകളിലും ഉൾപ്പെടാത്ത ഫർണ്ണീച്ചറുകൾ കാഡ്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വാങ്ങിയത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് നല്കിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചർ ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ചെലവഴിച്ച 155094 രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ,പി.എച്ച്,സി നിർവഹണം നടത്തിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്,സി നിർവഹണം നടത്തിയ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ ( S0007/ 17 ), പാലിയേറ്റീവ് കെയർ എന്നീ പദ്ധതികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങാനായി കേരളാ മെഡിക്കൽ സർവീസസ്സ് കോർപ്പറേഷന് തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ബിൽ നം/ചെക്ക് നം, തീയതി | ബിൽ തുക | ലഭ്യമാക്കിയ മരുന്ന് / ഉപകരണങ്ങൾ എന്നിവയുടെ വിവരം(രൂപയിൽ) | ലഭ്യമാക്കേണ്ട മരുന്ന്/ ഉപകരണങ്ങൾ എന്നിവയുടെ വിവരം(രൂപയിൽ) |
|---|---|---|---|---|
| പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ | 8/16-17 14.03.17 | 180500 | 44848 | 135652 |
| പാലിയേറ്റീവ് കെയർ | 4/16-17 20.01.17 | 50000 | 44267 | 5294 |
| -ടി- | 10/16-17 14.03.17 | 30000 | 5957 | 24043 |
| -ടി- | 3191261 13.03.2017 | 385000 | 361710 | 23290 |

എന്നാൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല. പാലിയേറ്റീവ് രോഗികളുടെ പരിചരണം, പി എച്ച്.സി.യുടെ ദൈനംദിന ആവശ്യം എന്നിവക്കായി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണ രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 ഫർണ്ണീച്ചർ വാങ്ങൽ-അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ, എ കെ ജി കോളനി വൃദ്ധസദനത്തിന് ഫർണ്ണീച്ചർ വാങ്ങൽ എന്നീ പ്രോജക്ടുകളിൽ ക്വട്ടേഷൻ/ടെണ്ടർ കൂടാതെയുള്ള പർച്ചേയ്സ് മുഖേന ഫർണ്ണീച്ചർ വാങ്ങുവാൻ ആണ് തീരുമാനിച്ചിരുന്നത്. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ കൂടാതെ ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. പ്രോജക്ടുകളുടെയും വാങ്ങിയ ഫർണ്ണീച്ചറുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം | എസ് 0173/17 |
| പ്രോജക്ടിന്റെ പേര് | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ |
| അടങ്കൽ | 710145 |
| ബിൽ നം/ തീയതി, തുക | 46/16-17 തീയതി 31.03.17 തുക-76823(വികസന ഫണ്ട്), 47/16-17 തീയതി 31.03.17 തുക-633322-(മെയിൻറനൻസ് ഗ്രാന്റ്-റോഡ്) |

ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ | ഒരു യൂണിറ്റിന്റെ വില | എണ്ണം | ആകെ ( 14.50%നികുതി ഉൾപ്പെടെ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Library Almirah-72x34 glass door almirah | 13100 | 2 | 29999 |
| 2 | Airport chair(3 seated) | 13100 | 3 | 44999 |
| 3 | Steel Almarah Large 72x34x18- 4 shelves with locker | 9607 | 10 | 110000 |
| 4 | Steel Almarah Small 54x30x17 - 3 shelves | 6550 | 15 | 112496 |
| 4 | S type Steel executive chair | 1485 | 20 | 34007 |
| | Steel Table48x24x30 one drawer and cupboard | 5677 | 3 | 19500 |
| | Steel Rack 72x36x12-6panel | 4586 | 8 | 42008 |
| | Study table with sheld chair | 2620 | 80 | 239992 |
| ആകെ | | | | 633000 |

| ക്രമ നമ്പർ | ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ | ഒരു യൂണിറ്റിന്റെ വില | എണ്ണം | ആകെ ( 14.50%നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | Airport Chair | 13100 | 1 | 15000 |
| 2 | Medicine Rack 72x36x12 5 panels | 3917 | 2 | 8970 |
| 3 | Examination table | 11000 | 2 | 25190 |
| 4 | Consulting table | 6500 | 2 | 14885 |
| 4 | Scrolling chair | 5721 | 2 | 13100 |
| ആകെ | | | | 77145 |

2)

| | |
|---|---|
| പ്രോജക്റ്റ് നം | എസ് 0175/17 |
| പ്രോജക്റ്റിന്റെ പേര് | എ കെ ജി കോളനി വൃദ്ധസദനത്തിന് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 87400 |
| ബിൽ നം | 42/2016-17 തീയതി 31.03.17 |
| ബിൽ തുക | 87366 |

ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ | ഒരു യൂണിറ്റിന്റെ വില | എണ്ണം | ആകെ ( 14.50%നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | Desk (Anjili wood)-72x16x30" | 4017 | 4 | 16018 |
| 2 | Steel Table-48x24x30 one drawer and cupboard | 5677 | 1 | 5677 |
| 3 | Steel Almarah Large 72x34x18- 4 shelves with locker | 9607 | 1 | 9607 |
| 3 | Steel Almarah Small 54x30x17 - 3 shelves | 6550 | 1 | 6550 |
| 4 | Arm chair | 480 | 80 | 38400 |
| ആകെ | | | | 76302 |
| S.Tax | | | | 11064 |
| Grand Total | | | | 87366 |

കാഡ്കോ യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകളുടെ നിരക്ക് 13/12/2016-ലെ ജി ഒ (ആർ.ടി) 62/2016 പ്രകാരം ഗവൺമെന്റ് നിശ്ചയിച്ചിരുന്നു. എന്നാൽ ടി ഉത്തരവിലെ നിരക്കുകളും സ്പെസിഫിക്കേഷനുമുള്ള ഫർണ്ണീച്ചറുകളല്ല വാങ്ങിയിട്ടുള്ളത്. സർക്കാർ അംഗീകരിച്ച് നല്കിയ നിരക്കുകളിലും സ്പെസിഫിക്കേഷനുകളിലും ഉൾപ്പെടാത്ത ഫർണ്ണീച്ചറുകൾ കാഡ്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വാങ്ങിയത് ക്രമപ്രകാരമല്ല. ടി വിഷയം 26.07.2017-ലെ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങിയതിന് വിശദീകരണം മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2 പ്രോജക്ടുകൾക്കായി ചെലവഴിച്ച 797511/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സർക്കാർ സ്കൂളുകൾക്ക് എൽ സി ഡി പ്രൊജക്ടറുകൾ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 0020/2017 |
| അടങ്കൽ | 300000 |
| ചെലവഴിച്ച തുക | 299500 |
| ബിൽ നം./തീയതി | 1/16-17 |

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 6 സർക്കാർ സ്കൂളുകളുടെ ഉപയോഗത്തിനായി എൽ സി ഡി പ്രൊജക്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ എം ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 30000 രൂപ വിലയുള്ള 6 മൾട്ടിമീഡിയ പ്രോജക്ടർ, 14200 രൂപ വിലയുള്ള 6 ആംപ്ളിഫൈയർ വിത്ത് സ്പീക്കർ, 5725 രൂപ വിലയുള്ള 6 ട്രൈപോഡ് സ്റ്റാൻറ് എന്നിവ വാങ്ങിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.11.2016 ലെ എൻ ഇ പി 3/10192/2015/ നമ്പർ നടപടി ക്രമ പ്രകാരം മൾട്ടി മീഡിയ പ്രോജക്ടറിന് പരമാവധി നൽകാവുന്ന തുക 25630/- എന്ന് നിശ്ചയിക്കുകയും 20.02.2017ലെ സ ഉ (സാധാ) നം 467/2017 പൊ വി വ ഉത്തരവ് പ്രകാരം ടി നിരക്കുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാങ്ങലുകൾക്ക് കൂടി ബാധകമാക്കുകയും ചെയ്തിട്ടുണ്ട്.

20.02.2017ലെ സ ഉ (സാധാ) നം.467/2017 പൊ വി വ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്പെസിഫിക്കേഷനും പരമാവധി വിലയും നിശ്ചയിച്ചിട്ടില്ലാത്ത ഐ സി റ്റി ഉപകരണങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ക്ലിയറൻസ് ഇല്ലാതെ വാങ്ങിയതിനാൽ ഉയർന്ന നിരക്കാണ് നൽകിയത്.

6 മൾട്ടി മീഡിയ പ്രൊജക്ടറുകൾക്കായി 26220/- രൂപ (4370 x 6) അധികം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിന് ശേഷം 30.05.2017 ലെ 40036/17-ാം നമ്പർ നടപടിക്രമ പ്രകാരം സ്പീക്കറിന് സർക്കാർ നിശ്ചയിച്ച വില 770/- രൂപയാണ്. എന്നാൽ 14200/-രൂപവീതം വിലയുള്ള സ്പീക്കറുകൾ 6 സ്കൂളുകൾക്ക് നൽകിയതിനാൽ 13430*6 =80580 രൂപ അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പ് വരുത്തേണ്ടിയിരുന്നു. എന്നാൽ 1 വർഷ വാറന്റി മാത്രമാണ് ഉള്ളത്.

ടി വിഷയം 24.07.2017 ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പർച്ചേയ്സ് ഓർഡർ നൽകിയതിന് ശേഷമാണ് ടി സർക്കാർ ഉത്തരവ് പഞ്ചായത്ത് അധികൃതർക്ക് ലഭ്യമായിട്ടുള്ളത് എന്ന വിശദീകരണം ഓഡിറ്റിൽ അംഗീകരിക്കുന്നു. മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പോട്ട്ഹോൾ ഫില്ലിംഗിന് ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത

പൊതുമരാമത്ത് വകുപ്പിന്റെ(H)17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവ് പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയതിന്റെ അടിസ്ഥാനത്തിൽ റീടാറിംഗ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിനോടൊപ്പം പോട്ട്ഹോൾ ഫില്ലിംഗിനായി തയ്യാറാക്കിയ ഒബ്സെർവ്ഡ് ഡാറ്റ കൃത്യമല്ല. പോട്ട്ഹോൾ ഫില്ലിംഗിന് KSS 3.6.1.2 (Kerala Standard Specifications) പ്രകാരമുള്ള ഒബ്സെർവ്ഡ് ഡാറ്റായിൽ DSR പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയിട്ടുള്ളതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.പോട്ട്ഹോൾ ഫില്ലിംഗിന് പവ്വർ റോളർ ആണ് ഉപയോഗിക്കേണ്ടത്. ഇതിന് DSR പ്രകാരമുള്ള നിരക്ക് 1500/Day ആണ്. എന്നാൽ ഒബ്സെർവ്ഡ് ഡാറ്റായിൽ 3600/Day നിരക്കാണ് നൽകിയിരിക്കുന്നത്.

2.പിക്ക് അപ് ഓട്ടോ വാടകയ്ക്ക് എടുക്കുന്നതിന് മാർക്കറ്റ് നിരക്കായി 1500/Day നൽകിയിട്ടുണ്ട്.

0.09 ദിവസം ഉപയോഗിക്കുന്നതിനാണ് ഈ തുക നൽകിയിരിക്കുന്നത്. ഇതാകട്ടെ KSS 3.6.1.2

പ്രകാരം വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയത്തിനാണ്. പിക്ക് അപ് ഓട്ടോ ഉപയോഗിക്കുമ്പോൾ ഇത്രയും സമയവും മനുഷ്യദിനവും ആവശ്യമില്ല.

പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ് .ആയതിന്റെ അടിസ്ഥാനത്തിൽ എം ക്യൂബിന് 4422/- രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയിരിക്കുന്നത്. അനുവദനീയമായ നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Filling up pot holes cut and formed to regular shapes and all loose and defective materials removed) applying a priming coat of hot Bitumen using 36 mm departmental broken stone and compacting with power roller to get a compact surface and applying hotBitumen by a pressure sprayer with all conveyance including the cost of Bitumen ,oils'fuels,hire of brass brooms ,camber board power roller and other machines watering, lighting, and other charges etc. as per specification (total usage of Bitumen is 27.50kg/m3) | | | | | | |
|---|---|---|---|---|---|---|
| DSR Code No. | ഇനം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
| 1&7 | hire for boiler and sprayer | Day | 0.03 | 1130 | 33.90 | 33.90 |
| 55 | hire for roller | Day | 0.03 | 3600 | 108.00 | 45 |
| MR | Auto Pick up | Day | 0.09 | 1500 | 135 | 135 |
| 309 | Cost of bitumen | Tonne | 0.0275 | 50600 | 1391.50 | 1391.50 |

| | | | | | | |
|---|---|---|---|---|---|---|
| 2211 | Conveyance of bitumen | Tonne | 0.0275 | 106.49 | 2.93 | 2.93 |
| 115 | Special Man mazdoor | Man Day | 1.75 | 329.00 | 575.75 | 575.75 |
| 114 | man | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Women | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Total | | | | 2740.58 | 2677.58 |
| | Market Rate | | | | 135.00 | 135.00 |
| | Add water charge for MR(1%) | | | | 1.35 | 1.35 |
| | Total A | | | | 136.35 | 136.35 |
| | Total Excluding MR | | | | 2605.58 | 2542.58 |
| | Add Water charge Excluding MR(1%) | | | | 26.06 | 25.43 |
| | Total B | | | | 2631.63 | 2568.01 |
| | Total A + 1.4095* Total B | | | | 3845.64 | 3755.96 |
| | Add CP &OH(15%) | | | | 576.85 | 563.39 |
| | Total | | | | 4422.48/m3 | 4319.35 |

ഇപ്രകാരം 103രൂപ ഒരു ക്യൂബിക്ക് മീറ്ററിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനിയറുടെയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്. പിക്ക് അപ് ഓട്ടോ വാടകയ്ക്ക് എടുത്തതിന് വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയവും ആനുപാതികമായ മനുഷ്യ ദിനവും ഉപയോഗിച്ചതിന് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി(21/27-07-17) നൽകിയിരുന്നുവെങ്കിലും അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ അധിക നിരക്ക് അനുവദിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ വിശദാംശം | പ്രവൃത്തിയുടെ ഇനം , അളവ്, നിരക്ക്, പ്രതിഫലം | അർഹമായ അളവ്, നിരക്ക്, പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | ആറ്റുവാശ്ശേരി ചാവരുകണ്ടം റോഡ് റീടാറിംഗ് ( S0157/16,S0035/17)<br>അടങ്കൽ തുക :1100000 | (6) പോട്ട് ഹോൾ ഫില്ലിംഗ്<br>8m3 | 8m3<br>@4319.35/m3=<br>34554.8 | 821(-) ടെണ്ടർ കുറവ് 194.57=626 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് : 23.7%<എസ്റ്റിമേറ്റ് നിരക്ക്<br>എം.ബുക്ക് നം. 311/15-16<br>പ്രവൃത്തിമൂല്ല്യതുക : 1099508 /-<br>കരാറുകാരന് }<br>നൽകിയ തുക } : 769361/-<br>ബിൽ നം. / തീയതി :01/16-17/ 30-09-16 | @4422/m3=<br>35376 | | | |
| 2 | കോട്ടപ്പുറം ഒറ്റപ്ലാവിള റോഡ് റീടാറിംഗ് &സംരക്ഷണഭിത്തി( S0158/16, S0036/17)<br>അടങ്കൽ തുക : 535000<br>കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് : 23.7%<എസ്റ്റിമേറ്റ് നിരക്ക്<br>എം.ബുക്ക് നം. 248/15-16<br>പ്രവൃത്തിമൂല്ല്യതുക : 534261/-<br>കരാറുകാരന് }<br>നൽകിയ തുക } : 373832/-<br>ബിൽ നം. / തീയതി : 04/16-17 /30-09-16 | (6) പോട്ട് ഹോൾ ഫില്ലിംഗ്<br>5m3<br>@4422/m3=<br>22110 | 5m3<br>@4319.35/m3=<br>21596.75 | 513.25<br>(-) ടെണ്ടർ കുറവ് :<br>121.64=392 | |

| | | | | |
|---|---|---|---|---|
| | | | | |
| 3 | ഇടത്തിട്ട എൽ.പി.എസ് ഐക്കരേത്ത് കിഴക്ക് റോഡ് പുനരുദ്ധാരണം ( S0197/16,S0045/17)<br>അടങ്കൽ തുക : 1170000<br>കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക്:23.7% <എസ്റ്റിമേറ്റ് നിരക്ക്<br>എം.ബുക്ക് നം. 309/15-16<br>പ്രവൃത്തിമൂല്ല്യതുക : 1168091/-<br>കരാറുകാരന് }<br>നൽകിയ തുക } : 816707/-<br>ബിൽ നം. / തീയതി : 02/16-17 /30-09-16 | (6) പോട്ട് ഹോൾ ഫില്ലിംഗ്<br>9.5m3<br>@4422/m3=<br>42009 | 9.5m3<br>@4319.35/m3=<br>41033.82 | 975.18<br>(-) ടെണ്ടർ കുറവ് : 231.11 =744 |
| | ആകെ | | | 1762 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (21/27-07-2017) നൽകിയിരുന്നു. ആയതിന് അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഡാറ്റായിലെ അപാകത മൂലം അധിക നിരക്ക് അനുവദിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല. അധികം നൽകിയ 1762/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും അസി. എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-8 കമ്മ്യൂണിറ്റി ഹാൾ യാഥാർത്ഥ്യമായില്ല

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2011-12 ലെ വാർഷിക പദ്ധതിൽ ഉൾപ്പെടുത്തി സമഗ്ര കോളനി വികസനം എന്ന പേരിൽ 9000000 ലക്ഷം രൂപ കൊടുമൺ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചതിന്റെ

ബാക്കിയുള്ള 600957 രൂപ വകയിരുത്തി ഗ്രാമ പഞ്ചായത്തിലെ 17ാം വാർഡിലെ നിലമേൽ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി 2015-16 വർഷം ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരുന്നു (S0217/16) തൻവർഷം പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ 2016-17 വർഷം സ്പിൽ ഓവർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി (87/17) വീണ്ടും അംഗീകാരം വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ സ്ഥലം കണ്ടെത്തിയിട്ടില്ല. തന്മൂലം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം ആയത് തിരികെ ഒടുക്കേണ്ടതാണ്.

## 3-9 ഫണ്ട് ലഭിച്ചിട്ടും കുടിവെള്ള പദ്ധതി നടപ്പാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ പതിന്നാലാം വാർഡിൽ കാരിയ്ക്കൽ കോളനിയിലെ കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 900000/- രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിരുന്നു.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രസ്തുത പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 43808/-കൂടി ഉൾപ്പെടുത്തി ആകെ 943808/- രൂപ വകയിരുത്തി 2016-17 വർഷം ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരുന്നു(S0197/17). പ്രസ്തുത പദ്ധതിക്ക് വേണ്ടി ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനോ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചിട്ടില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായുള്ള ടി കോളനിയിൽ ഗാർഹിക കുടിവെള്ള പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിനായി വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തി നടത്തിപ്പിൽ സുതാര്യതയില്ല

2016-17 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയുടെ വരവ് ചെലവ് കണക്കിന് ആധാരമായി ഹാജരാക്കിയ സിമന്റ് ബിൽ ഗ്രാമ പഞ്ചായത്തിലെ ഒരു കരാറുകാരന്റെ പേരിൽ വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത കരാറുകാരൻ ഗുണഭോക്തൃസമിതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രവൃത്തി നടത്തിപ്പിൽ ബിനാമി ഇടപാട് നടന്നുവെന്ന് വ്യക്തമാണ്.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 325000/- രൂപ ലോകബാങ്ക് സഹായം വകയിരുത്തി 11ാം വാർഡിലെ ഇടനിക്കാട് എരുത്വാക്കുന്ന് റോഡ് 92.5 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി (S096/17) ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതിനായി ശ്രീ. അജിത് ഗോപാൽ, കൃഷ്ണപുരം കൺവീനറും ശ്രീമതി. രമണി രാജഗോപാൽ, രാജ് ഭവൻ ചെയർമാനുമായ ഗുണഭോക്തൃസമിതി 23-12-2016ൽ കരാറിൽ ഏർപ്പെട്ട് ഏറ്റെടുത്ത് 18-03-2017ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 305/16-17 അനുസരിച്ച് 324245/- രൂപയുടെ പ്രവൃത്തിമൂല്യം കണക്കാക്കി നിയമപ്രകാരമുള്ള നികുതികൾ കഴിച്ച് കൺവീനർക്ക് 298306/- രൂപ ഫൈനൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്(ബിൽ നം.50/16-17/31-03-17).

ടി പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 1:4:8 കോൺക്രീറ്റിംഗ് 27.25 ക്യൂബിക് മീറ്ററും 1:2:4 കോൺക്രീറ്റിംഗ് 20.812 ക്യൂബിക് മീറ്ററും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ഗുണഭോക്തൃ സമിതി അഗീകരിച്ച ചെലവ് കണക്ക് താഴെപ്പറയും പ്രകാരമാണ്.

| ഇനം | ചെലവഴിച്ച തുക |
|---|---|
| 40mmമെറ്റൽ (18.2m3വൗച്ചർ, അരുൺ,കൊടുമൺ) | 17167 |
| 20mmമെറ്റൽ (26.3m3വൗച്ചർ, അരുൺ,കൊടുമൺ) | 25984 |
| എം.സാന്റ് (23.1m3വൗച്ചർ, അരുൺ, കൊടുമൺ) | 56757 |
| സിമന്റ് (255pkt.ബിൽ നം. 8987/03-03-17, ജോർജ് സൺസ് ഏജൻസീസ്, അടൂർ) | 89250 |
| ജോലിക്കൂലി(മസ്റ്റർ റോൾ) | 154050 |
| ആകെ | 343208 |

ചെലവഴിച്ച തുകയ്ക്ക് ആധാരമായ രേഖകൾ പരിശോധിച്ചതിൽ, ജോർജ് സൺസ് ഏജൻസീസ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 255 പായ്ക്കറ്റ് സിമന്റ് വാങ്ങിയതിന്റെ ബിൽ ലാലു, മംഗലത്ത് കിഴക്കേക്കര,കൊടുമൺ(ഫോൺ നം.-9605944792) എന്ന ആളിന്റെ പേരിൽ വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത മൊബൈൽ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ടിയാൻ പഞ്ചായത്തിന്റെ കോൺക്രീറ്റ് ജോലികളും സ്വകാര്യമായി കെട്ടിടനിർമ്മാണവും മറ്റും ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരനാണ്. ടിയാൻ 11 അംഗ

ഗുണഭോക്തൃസമിതിയിൽ ഉൾപ്പെട്ടിട്ടുള്ള ആളുമല്ല. ടി കരാറുകാരന്റെ പേരിൽ സിമന്റ് വാങ്ങിയതിന്റെ ബിൽ ഗുണഭോക്തൃസമിതി ചെലവിന് ആധാരമായി ഹാജരാക്കിയ സാഹചര്യത്തിൽ ബിനാമി ഇടപാടിൽ പ്രസ്തുത കരാറുകാരനെക്കൊണ്ട് പ്രവൃത്തി നടപ്പാക്കിയതെന്നുള്ള കാര്യം സ്പഷ്ടമാണ്. DSR ഡാറ്റാ അനുസരിച്ച് മുകളിൽ പറഞ്ഞിട്ടുള്ള അളവിൽ കോൺക്രീറ്റിംഗ് നടത്തുന്നതിന് 11376 കി.ഗ്രാം സിമന്റ് ആവശ്യമാണ്. ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിച്ചത് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

23-09-97ലെ 216/97/LAD നം. ഉത്തരവ് പ്രകാരമുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 15(5) പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാണ്. ബിനാമി ഇടപാട് ഉണ്ടാവുകയാണെങ്കിൽ ഗുണഭോക്തൃ സമിതിയുമായി വച്ചിട്ടുള്ള കരാർ ഉടമ്പടി റദ്ദാക്കപ്പെടേണ്ടതാണെന്നും സമിതിയുടെ നഷ്ടോത്തരവാദിത്തത്തിൽ മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഗുണഭോക്തൃ സമിതിയ്ക്കെതിരെ ശിക്ഷാ നടപടികൾ എടുക്കേണ്ടതാണെന്നും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ സമിതിയുമായി വച്ചിട്ടുള്ള കരാർ ഉടമ്പടിയിലും ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളിന്റെ പേരിൽ സിമന്റ് വാങ്ങിയതിന്റെ ബിൽ അസി. എഞ്ചിനിയർ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. മേൽ പ്രവൃത്തിയുടെ നടത്തിപ്പിൽ ബിനാമി ഇടപാട് നടന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(13/25-07-2017). ആയതിന് നൽകിയ മറുപടിയിൽ പ്രവൃത്തി നടത്തുന്നതിനായി ശ്രീ.ലാലു, മംഗലത്ത് എന്ന മേസ്തിരിയെ ഗുണഭോക്തൃസമിതി ചുമതലപ്പെടുത്തിയിരുന്നതായി അറിയിച്ചു. ടിയാൻ സ്വന്തം പേരിൽ സിമന്റ് വാങ്ങിയതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ ബിനാമി ഇടപാട് നടന്നിട്ടില്ലെന്നുള്ള അസി.എഞ്ചിനിയറുടെ വാദഗതി അംഗീകരിക്കുന്നില്ല. ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിക്കായി കൺവീനർക്ക് നൽകിയ 298306/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭരണ വകുപ്പിന്റെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-11 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം ഇ ടെണ്ടർ മുഖേന ഒരു പ്രവൃത്തിയ്ക്കും 2015-16 വർഷം 6 പ്രവൃത്തികൾക്കും 2016-17ൽ 8പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് കൊടുമൺ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം (166/15) | 589500 | 2 | 2x5000= 10000 | 500 | 10500 |
| 2. | മിച്ചഭൂമി പുഴൂർ റോഡ് റീ ടാറിംഗ് (155/16). | 510000 | 8 | 8x1020= 8160 | 640 | 8800 |
| 3. | ആറ്റുവശ്ശേരി ചാവരുകണ്ടം റോഡ് റീടാറിംഗും പുനരുദ്ധാരണവും(157/16). | 1100000 | 7 | 7x2500= 17500 | 875 | 18375 |
| 4. | എച്ച്.എസ്.കുരിയറ റോഡ് | 880000 | 8 | 8x1760= | 720 | 14800 |

| | | | | | | |
|---|---|---|---|---|---|---|
| | റീടാറിംഗ്(159/16) | | | 14080 | | |
| 5. | ചിരണിക്കൽ പന്നിവിഴ റോഡ് റീടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം (153/17) | 1368000 | 3 | 3x2500= 7500 | 375 | 7875 |
| 6. | നാലുതുണ്ടിൽപ്പടി പാറവിളപ്പടി റോഡ് റീടാറിംഗ് (154/17) | 750000 | 2 | 2x1500= 3000 | 150 | 3150 |
| 7. | ഇടത്തിട്ട എൽ.പി.എസ് ഐക്കരേത്ത് റോഡ് പുനരുദ്ധാരണം(197/16, 45/17) | 1170000 | 6 | 6x2500= 15000 | 750 | 15750 |
| 8. | ഞാറക്കാട്ടേത്ത് പടി കൊല്ലൻ പറമ്പിൽ റോഡ് റീടാറിംഗ് (193/16) | 645000 | 6 | 6x1290= 7740 | 660 | 8400 |
| 9. | പൈനംമൂട് മഞ്ഞിപ്പുഴ ഇടത്തിട്ട റോഡ് റീടാറിംഗ് (134/17) | 630000 | 2 | 2x841= 1682 | 118 | 1800 |
| 10. | കോട്ടപ്പുറം ഒറ്റപ്ലാവിള റീടാറിംഗും പുനരുദ്ധാരണവും (158/16,56/17). | 535000 | 6 | 6x1070= 6420 | 480 | 6900 |
| 11. | വൈകുണ്ഠപുരം പറക്കുന്നിൽ റോഡ് റീടാറിംഗ് (47/17) | 800000 | 2 | 2x1150= 2300 | 200 | 2500 |
| 12. | കൊടുമൺ മാർക്കറ്റ് നവീകരണം(181/17) | 1500000 | 2 | 2x5000= 10000 | 500 | 10500 |
| 13. | എ.കെ.ജി.കോളനി വൃദ്ധ സദനം പുനരുദ്ധാരണം (168/17) | 687300 | 3 | 3x1375= 4125 | 285 | 4410 |
| 14. | ചന്ദനപ്പള്ളി സംരക്ഷണഭിത്തി നിർമ്മാണം(190/17) | 1750000 | 12 | 12x2500= 30000 | 1500 | 31500 |
| 15. | ചന്ദനപ്പള്ളി പി.എച്ച്.സി. കെട്ടിട നിർമ്മാണം(198/17) | 3154364 | 10 | 10x2500= 25000 | 1250 | 26250 |
| | ആകെ | | | 162507 | 8903 | 171410 |

ടി വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(08/11-07-17). ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. തുക ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-12 അമ്പത്തിനാല് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം 39456045/- രൂപ വകയിരുത്തി 108 പ്രോജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 44പ്രവൃത്തികൾ സ്പിൽ ഓവറും 64പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 57 എണ്ണം മാത്രം പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. ഒരു പ്രവൃത്തിക്ക് പാർട്ട് ബിൽ മാത്രമേ നൽകിയിട്ടുള്ളൂ. 27 സ്പിൽ ഓവർ പ്രവൃത്തികളും 23 പുതിയ പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. 2016 സെപ്റ്റംബർ മാസം 6 പ്രവൃത്തികളും, 2017 ജനവരി മാസത്തിൽ 6 പ്രവൃത്തികളും,മാർച്ച് മാസത്തിൽ 46 പ്രവൃത്തികളും നടപ്പിലാക്കി 15952743 രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ 79 ശതമാനത്തോളം പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസീയർമാരും മാത്രമാണ് ഉള്ളത്. തേർഡ് ഗ്രേഡ് ഓവർസീയർ 04-01-17ൽ സ്ഥലം മാറ്റം ലഭിച്ച് പോയിരുന്നു. എന്നാൽ നാളിതുവരെ പകരം ആളിനെ നിയമിച്ചിട്ടില്ല. താൽക്കാലികമായി ഓവർസീയറെ നിയമിക്കുന്നതിന് ഭരണ സമിതിയും തീരുമാനം കൈക്കൊണ്ടില്ല. ഇപ്രകാരമുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയയും ഗുണമേന്മയും ബാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. സാങ്കേതിക വിഭാഗത്തിൽ പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ ധാരാളം പ്രോജക്റ്റുകൾ ആവിഷ്കരിക്കുകയും ആയതിന്റെ അമ്പത്തിനാല് ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്റ്റുകളുടെ ബാഹുല്യം കുറയ്ക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ഭരണസമിതി വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 152893.70 രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി. എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. തൻ വർഷം ഈടാക്കിയ ക്ഷേമനിധി തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-14 ആസ്തി സംരക്ഷണം- അപാകത

2016-17 സാമ്പത്തികവർഷം 21600138/30.05.16-ാം നമ്പർ വൗച്ചർ പ്രകാരം തനത് ഫണ്ടിൽ നിന്നും 18320 രൂപ ചെലവഴിച്ച് ഡ്രീംസ് ഇൻഫോടെക്ക്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും എം.എൻ.ആർ.ഇ.ജി.എസ് ന് ഡിജിറ്റൽ ക്യാമറ വാങ്ങി നൽകിയിട്ടുണ്ട്. നേരിട്ടുള്ള അന്വേഷണത്തിൽ 2008-09 കാലയളവിൽ എം.എൻ.ആർ.ഇ.ജി.എസ് ന് വാങ്ങി നൽകിയ ക്യാമറ നഷ്ടപ്പെട്ടതായി അറിയാൻ കഴിഞ്ഞു. ടി കാലയളവിലെ ക്യാഷ് ബുക്കിൽ ക്യാമറ വാങ്ങിയതിന് 7200 രൂപ ചെലവഴിച്ചതായി 09.07.2008 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. ആയതിനാൽ ക്യാമറയുടെ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ എന്താണെന്ന് വ്യകതമായിട്ടില്ല.

2008-09 സാമ്പത്തികവർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിലേക്കും ക്യാമറ വാങ്ങിയിരുന്നതായി ടി കാലയളവിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യകതമായിട്ടുണ്ട്. 23.06.2009ൽ ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി ക്യാമറ വാങ്ങിയതായി മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 90 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടെയുള്ള ക്യാമറയുടെ വിശദാംശങ്ങൾ അറിയാൻ സാധിച്ചിട്ടില്ല. 2008-09 കാലയളവിൽ വാങ്ങിയ 2 ക്യാമറകളുടെയും വിശദാംശങ്ങളും നിലവിലെ അവസ്ഥയും ബോദ്ധ്യപ്പെടുത്താനും ക്യാമറകൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/26.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണത്തിന്റെ അഭാവമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ക്യാമറകൾ സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-15 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

പഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 17 അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. മൂന്നെണ്ണം വാടകരഹിതമാണ്. 10 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 11 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. വൈദ്യുതി ഉള്ളത് 10 എണ്ണത്തിന് മാത്രമാണ്. കുടിവെള്ളം ലഭ്യമായത് 8 എണ്ണമാണ്. 1 അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി 2 സെന്റ് സ്ഥലം ലഭിച്ചെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. സ്ഥലപരിമിതിയാണ് കെട്ടിടനിർമ്മാണം നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണമായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. വിട്ടുകിട്ടിയ സ്ഥലത്തോട് ചേർന്ന് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അധികമായി ആവശ്യമായ സ്ഥലം ആർജ്ജിക്കുന്നതിന് സാഹചര്യങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യേണ്ടതാണ്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത യാണ് അങ്കണവാടികൾ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നം.

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു [സ.ഉ(എം.എസ്) നമ്പർ 04/2016 ത.സ്വ.ഭ.വ, തീയതി.11.01.2016]. അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനു വേണ്ടി ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നിർവ്വഹണം നടത്താവുന്നതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതത്തോടെ പുതിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ട് ഏറ്റെടുക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 3-16 പി എം എ വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി 2016-17 ൽ പി എം എ വൈ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് പറക്കോട് ബ്ളോക്ക് പഞ്ചായത്തിന് വികസനഫണ്ട് എസ് സി പിയിൽ നിന്നും 14.02.2017 ലെ 3/2017-ാം നമ്പർ ബിൽ പ്രകാരം 1260000/-രൂപയും 09.03.2017 ലെ 12/2017-ാം നമ്പർ ബിൽ പ്രകാരം 90000/-രൂപയും ചേർത്ത് 1350000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 90000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-17 പഞ്ചായത്ത് പ്രദേശത്തെ ലൈബ്രറികൾക്ക് പത്ര വരിസംഖ്യ നൽകി

പഞ്ചായത്ത് പ്രദേശത്തെ എല്ലാ ലൈബ്രറികൾക്കും പത്ര വരിസംഖ്യ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 36960 രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിക്കുകയും(നംഎസ്.176/2017) 31.03.2017ൽ 33204രൂപ ഓൺലൈൻ ട്രാൻസ്ഫർ വഴി ലൈബ്രറികൾക്കായി തുക നൽകുകകയും ചെയ്തിട്ടുണ്ട്. ലൈബ്രറികളെല്ലാം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളവയാണെന്നത് സംബന്ധിച്ച് യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.സർക്കാർ ഉത്തരവ് പ്രകാരം ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ,ഫർണ്ണീച്ചറുകൾ എന്നിവ വാങ്ങി നല്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിൽ മുഖേന പ്രവർത്തന ഗ്രാന്റ് ലഭിക്കുന്നതിനാൽ പത്ര വരി സംഖ്യ നൽകുന്നതിന് ഇപ്രകാരം പ്രോജക്ട് രൂപീകരിക്കേണ്ട ആവശ്യവുമില്ല. അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 പൊതുശ്മശാനം-നാളിതുവരെ യാഥാർത്ഥ്യമായില്ല

പഞ്ചായത്ത് പൊതുശ്മശാന ചുറ്റുമതിൽ നിർമ്മാണത്തിനായി 2015-16ൽ 25000/- രൂപ വകയിരുത്തി പ്രോജക്ട്(നം-76/16) രൂപീകരിച്ചിരുന്നുവെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടില്ല. സ്ഥലപരിമിതി മൂലം മൃതദേഹങ്ങൾ സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് ഇത് പ്രയോജന പ്രദമാണ്. അനാഥ ശവങ്ങൾ മറവ് ചെയ്യൽ, ശ്മശാന നിർമ്മാണം എന്നിവ പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. നിലവിൽ 50 സെന്റ് സ്ഥലം ഈ ആവശ്യത്തിനായി പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്നിട്ടും ചുറ്റുമുള്ള പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് മൂലം പദ്ധതി നടപ്പാക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പരിസര മലിനീകരണ ഭീതി ഒഴിവാക്കി വൈദ്യുതി/ഗ്യാസ് മുഖേന പ്രവർത്തിപ്പിക്കുന്ന രീതിയിൽ ശ്മശാന നിർമ്മാണം നടത്തുവാനോ പൊതുശ്മശാനം പണിയുന്നതിനോ പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി 2016-17 വർഷം കെ എസ് ഇ ബി ക്ക് തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കൊടുമൺ സ്റ്റേഡിയത്തിലെ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ (എസ് 0186/2017) | ബിൽ നം.24/16-17 തീയതി 24.01.2017 | 393156 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2 | കൊടുമൺ മാർക്കറ്റിലെ സർവ്വീസ് വയറുകൾ മാറ്റി സ്ഥാപിക്കൽ (എസ് 0187/2017) | ബിൽ നം. 37/16-17 തീയതി 27.03.2017 | 15111 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | വള്ളുവയൽ പുല്ലൻപ്ലാവിൽ റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ (എസ് 0188/2017) | ബിൽ നം.25/16-17 തീയതി 28.02.2017 | 15000 | " | " |
| 4 | ചന്ദനപ്പള്ളി പിഎച്ച് സി ഒ.പി ബ്ളോക്കിലേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ (എസ് 0191/2017) | ബിൽ നം. 33/16-17 തീയതി 23.03.2017 | 29520 | " | " |
| 5 | പുളിനിൽക്കുന്നതിൽപടി വാകയിൽപ്പടി സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ് 0192/2017) | ബിൽ നം.32/16-17 തീയതി 23.03.2017 | 46800 | " | " |
| 6 | കൈതക്കുഴി കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ് 0167/2017) | ബിൽ നം.11/16-17 തീയതി 3.01.2017 | 87100 | " | " |
| 7 | കൊന്നയിൽ പടി ട്രാൻസ്ഫോർമർ ഏരിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ് 138/2017) | ബിൽ നം.5/16-17 തീയതി 3.2.2017 | 82450 | " | " |
| 8 | ചന്ദനപ്പള്ളി ജംഗ്ഷൻ ഹെൽത്ത് സെന്റർ സ്ട്രീറ്റ് ലൈൻ (എസ് 139/2017) | ബിൽ നം.13/16-17 തീയതി 3.1.2017 | 17000 | " | " |
| 9 | ചന്ദനപ്പള്ളി പാലം ട്രാൻസ്ഫോർമർ ഏരിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ് 0140/2017) | ബിൽ നം.6/16-17 തീയതി 3.1.2017 | 51000 | " | " |
| 10 | വിജയ കോളനി ട്രാൻസ്ഫോർമർ ഏരിയ സ്ട്രീറ്റ് ലൈൻ (എസ് 141/2017) | 7/16-17 തീ. 3.1.2017 | 63750 | " | " |
| 11 | ചന്ദനപ്പള്ളി ചർച്ച് ട്രാൻസ്ഫോർമർ ഏരിയ സ്ട്രീറ്റ് ലൈൻ (എസ് 0142/2017) | ബിൽ നം.8/16-17 തീയതി 3.01.2017 | 110500 | " | " |

| | | | | | |
|---|---|---|---|---|---|
| 12 | ഉടയാൻമുറ്റം വട്ടമുരുപ്പ് അംഗൻവാടി സ്ട്രീറ്റ് ലൈൻ എസ് സി പി (എസ് 0158/2017) | ബിൽ നം.9/16-17 തീയതി 3.01.2017 | 91750 | " | " |
| | ആകെ | | 1003137 | | |

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1003137/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 500000 | പാലിയേറ്റീവ് കെയർ | 451500 | 48500 |
| -ടി- | 2016-17 | 1200000 | ബയോഗ്യാസ് പ്ളാന്റ് നവീകരണവും സംരക്ഷണവും | 1200000 | 0 |
| -ടി- | 2016-17 | 1400000 | മാർക്കറ്റ് നവീകരണം | 0 | 1400000 |
| -ടി- | 2016-17 | 200000 | എ ബി സി പ്രോഗ്രാം | 0 | 200000 |
| -ടി- | 2016-17 | 900000 | കാരിക്കൽ കുടിവെള്ള പദ്ധതി | 0 | 900000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 125000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 400000 | അംഗൻവാടി നിർമ്മാണം | 0 | 400000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 70000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 70000 | 0 |
| ആകെ | | | | 1846500 | 2948500 |

വാർഷിക ധനകാര്യ പത്രികയിലെ കണക്കും പട്ടികയിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ 600000/-രൂപയുടെ വ്യത്യാസമുണ്ട്. ഖണ്ഡിക 1-3 കാണുക.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഖണ്ഡിക 3-19 ൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജിഒ 1001/2010 /തസ്വഭവ തീയതി 24.03.2010 | 3955500 | 600000 | 600000 | | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | എഫ്.ഡി നം. |
|---|---|---|
| ഇല്ല | | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1996-97 | 2006-08 | 25 | പബ്ളിക്ക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം,വിടിസി ഫണ്ട് ഉപയോഗിച്ച് പൊന്നെടുത്താംകുഴി മേലേതിൽ പടി ചന്ദനപ്പള്ളി കുരിശുമുക്ക് റോഡ് ഉദ്ധാരണം(1996-97 ഖണ്ഡിക നം-31,33- തുകകൾ യഥാക്രമം 4993/-,28350/- | കോടതി വിധി പ്രകാരം റീ ഓഡിറ്റ് 15.10.2008 ൽ നടത്തിയിട്ടുള്ളതാണ്.എന്നാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശങ്ങൾ അതേപടി നിലനിൽക്കുന്നു. ആയതിനാൽ ടി തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ കെ ജി കമലാസനന് 30.07.2015 ൽ കത്ത് നൽകിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 83550581 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59876479 |
| വരവിനങ്ങളിലുള്ള നഷ്ടം | 58524 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1762 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2344048 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 58524 | | ശ്രീമതി.പി.വത്സലകുമാരിയമ്മ,സെക്രട്ടറി |
| 3-7 | | 881<br>881 | ശ്രീ.ആർ.നന്ദകുമാർ,അസിസ്റ്റന്റ് എഞ്ചിനിയർ,<br>ശ്രീമതി.ആർ.മായ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ആകെ | 58524 | 1762 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-3 | 155094 | ശ്രീ.ബിനു സി. ബി, ഐ സി ഡിഎസ് സൂപ്പർവൈസർ |
| 3-5 | 797511 | ശ്രീ.ജോഷ്വ ജേക്കബ്,സെക്രട്ടറി |
| 3-10 | 298306 | ശ്രീ.ആർ. നന്ദകുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-16 | 90000 | ശ്രീമതി സുമാഭായി അമ്മ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-19 | 1003137 | ശ്രീ.ജോഷ്വ ജേക്കബ്,സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 2344048 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| 3-11 | 8903 (സംസ്ഥാന സർക്കാർ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ആർ. നന്ദകുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കൊടുമൺ ഗ്രാമപഞ്ചായത്ത് | കൗസ്തുഭം, മങ്ങാരം പന്തളം പി ഒ പത്തനംതിട്ട ജില്ല |
| ശ്രീമതി ആർ.മായ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ എൽ. എസ്. ജി. ഡി. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | പട്ടിരേത്ത് ഇലവുംതിട്ട പി ഒ പത്തനംതിട്ട-689625 |
| ശ്രീമതി പി. വത്സലകുമാരിയമ്മ, സെക്രട്ടറി | വിരമിച്ചു | കാർത്തിക പൂഴിക്കാട് കുടശ്ശനാട് പി.ഒ, പന്തളം |
| ശ്രീ.ജോഷ്വ ജേക്കബ്,സെക്രട്ടറി | സെക്രട്ടറി,കൊടുമൺ ഗ്രാമപഞ്ചായത്ത് | പാറമിറ്റത്തു ചിറയിൽ ചെങ്ങമനാട് പി ഒ കൊട്ടാരക്കര കൊല്ലം |
| ശ്രീമതി സുമാഭായി അമ്മ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,കൊടുമൺ ഗ്രാമപഞ്ചായത്ത് | കൊച്ചുമഠത്തിൽ മലയാലപ്പുഴ താഴം പി ഒ |
| ശ്രീമതി ബിന്ദു സി . ബി, ഐ സിഡി എസ് സൂപ്പർവൈസർ | ശിശു വികസന പദ്ധതി ഓഫീസ്, പറക്കോട് | പൗർണ്ണമി പൂത്തനമ്പലം പി ഒ കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *വർഷം* | *ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം* | *റിമാർക്സ്* |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി3.286/98<br>തീയതി 12.07.99/12.08.99 | 3 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ-പി2.563/99 തീയതി 5.5.99 | |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2.181/04<br>തീയതി 06.01.05 | 2 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2.224/04<br>തീയതി 3.2.05/8.2.05 | 5 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2.535/04<br>തീയതി 3.3.05/13.05.05 | 12 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി2.550/04 തീയതി 5.6.05 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി2.819/04 തീയതി 14.6.05 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി2/272/05<br>തീയതി 13.12.05/24.01.06 | 7 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി4/1137/07തീയതി 6.12.08 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി10/708/09<br>തീയതി 25.03.2010 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/838/10<br>തീയതി 16.12.11/11.01.13 | 7 |
| 2007-08<br>2008-09<br>2009-10 | എൽ.എഫ്.പി.റ്റി.എ-പി10/766/11<br>തീയതി 16.12.11/17.1.13 | 1 |
| 2010-11<br>2011-12<br>2012-13 | എൽ.എഫ്.പി.റ്റി.എ-പി7.1054/13<br>തീയതി 6.3.14/7.4.14 | |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി7-776/15തീയതി 4.9.15 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പി7-679/16<br>തീയതി 22.6.16 | |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി7/50/2017<br>തീയതി 6.2.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.KSAPTA.P10-984/2017 Date: 14.09.2017

Certified that I have Audited the Annual Financial Statement of Kodumon Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodumon Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി10-984/2017 തീയതി 14.09.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട